# പുതിയ പാഠ്യപദ്ധതി

## വിവാദങ്ങൾ ആർക്കുവേണ്ടി

?

375

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

375

# മുഖക്കുറി

8045

കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുതിയ പാഠ്യപദ്ധതി വിവാദങ്ങൾക്ക് നടുവിലാണല്ലോ? നിരവധി പ്രശ്നങ്ങളിൽപ്പെട്ടുഴലുകയാണ് നമ്മുടെ വിദ്യാഭ്യാസം. ഒരു ഭാഗത്ത് സ്വകാര്യവത്കരണവും മറുഭാഗത്ത് പൊതുവിദ്യാലയങ്ങളുടെ നിലവാരത്തകർച്ചയും ചേർന്ന് വിദ്യാഭ്യാസത്തെ അതിന്റെ മൗലികലക്ഷ്യങ്ങളിൽനിന്ന് അകറ്റിയിരിക്കുന്നു. തത്ഫലമായി വ്യക്തിത്വത്തിന്റെ സമഗ്രമായ വികാസത്തിന് പകരം കാണാപാഠം പഠിച്ച് ഉയർന്ന മാർക്കുവാങ്ങുക എന്നതുമാത്രമായി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പരിമിതപ്പെട്ടു. ഈയൊരു പ്രതിസന്ധി മുറിച്ചുകടക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ഏറെക്കാലമായി കേരളത്തിൽ സജീവമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്, മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുതകുന്ന പഠനബോധനരീതികൾ വാർത്തെടുക്കുന്നതിനുള്ള ശ്രമങ്ങളും ഏറെക്കാലമായി ഇവിടെ നടന്നുവരുന്നുണ്ട്. ഇതിന്റെയെല്ലാം ഫലമായി ഉരുത്തിരിഞ്ഞുവന്നതാണ് പുതിയ പാഠ്യപദ്ധതി. എന്നാൽ ഈ പാഠ്യപദ്ധതിക്കെതിരെ വിമർശനങ്ങളുമായി ചിലർ രംഗത്തുവന്നിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് വരുത്തുന്ന ഏതൊരു പരിഷ്ക്കാരവും സമൂഹത്തിൽ വ്യാപകമായി ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. ആ അർത്ഥത്തിൽ പുതിയപാഠ്യപദ്ധതി വ്യാപകമായ ജനകീയ ചർച്ചയ്ക്ക് വിധേയമാകുന്നതിനെ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സ്വാഗതം

ചെയ്യുന്നു. അത്തരം ചർച്ചകളും വിമർശനങ്ങളും യഥാർത്ഥ വസ്തുതകളുടെ പിൻബലത്തോടെയായിരിക്കണം. എന്നാൽ പല വിമർശനങ്ങളും അവാസ്ഥവവും അയഥാർത്ഥവുമായ ധാരണകളുടെ അടിസ്ഥാനത്തിലാണെന്നത് ഉത്കണ്ഠാജന കമാണ്. പുതിയ പാഠ്യപദ്ധതിക്ക് ഡി.പി.ഇ.പി. പ്രോജക്ടുമായും ലോകബാങ്കുമായും ആരോപിക്കപ്പെടുന്ന ബന്ധം, അക്ഷരങ്ങ ളിൽനിന്നും അക്കങ്ങളിൽനിന്നും കുട്ടികളെ അകറ്റുന്നതാണ് പുതിയ പാഠ്യപദ്ധതിയെന്ന ആക്ഷേപം തുടങ്ങി ഒട്ടേറെ വിമർശ നങ്ങൾ മേൽപ്പറഞ്ഞവരുടെ വസ്തുനിഷ്ഠമല്ലാത്ത സമീപന ത്തിന് ഉദാഹരണമാണ്. നടത്തിപ്പിലുള്ള പോരായ്മ, ഏതൊരു പരിഷ്ക്കാരത്തിനും തുടക്കത്തിലുണ്ടാകുന്ന ന്യൂനതകൾ എന്ന വയൊക്കെയുണ്ടെങ്കിലും ഈ പാഠ്യപദ്ധതിയുടെ ഉള്ളടക്കവും സമീപനവും പൊതുവേ സ്വാഗതാർഹമാണ്. തുറന്ന മനസ്സോ ടെയുള്ള ചർച്ചകൾകൊണ്ട് ഇത് മെച്ചപ്പെടുത്താനുള്ള ശ്രമങ്ങ ളാണ് ഇന്ന് നാടിന്നാവശ്യം എന്ന് ഞങ്ങൾ കരുതുന്നു.

ഈ പശ്ചാത്തലത്തിലാണ് പുതിയപാഠ്യപദ്ധതിയെക്കുറി ച്ച് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നിലപാടുകൾ വ്യക്ത മാക്കുന്ന ഈ ലഘുലേഖ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്. പുതിയ പാഠ്യപദ്ധതിയെക്കിറിച്ച് മനസ്സിലാക്കാനാഗ്രഹിക്കുന്നവർക്ക് പ്രയോജനകരമാകും ഇതെന്ന് പ്രത്യാശിക്കട്ടെ.

**1. ഡി.പി.ഇ.പി യേയും പുതിയ പാഠ്യപദ്ധതിയേയും ശാസ്ത്രസാഹിത്യ പരിഷത്ത് വേറിട്ട് കാണുന്നതെന്തുകൊണ്ടാണ്?**

ഡി.പി.ഇ.പി. എന്നത് പുറംസഹായത്തോടെ നടത്തുന്ന ഒരു പ്രോജക്ടാണ്. കേരളത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരിച്ചത് ഡി.പി.ഇ.പി. പരിപാടിയുടെ ഭാഗമായല്ല. മറിച്ച്, കാലാകാലങ്ങളിൽ സർക്കാർ എറ്റെടുത്തുകൊണ്ടിരിക്കുന്ന പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായാണ്. പാഠ്യപദ്ധതി പരിഷ്ക്കാരം മോനിട്ടർ ചെയ്യാനും പരിശോധിക്കാനും സർക്കാരിന് പ്രത്യേകം കരിക്കുലം കമ്മിറ്റിയുണ്ടുതാനും. ഇതിന് ഡി.പി.ഇ.പി. സംവിധാനവുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ടുതന്നെ പരിഷത്ത് ഈ രണ്ടുസംവിധാനത്തേയും വേറിട്ടു കാണുന്നു.

**2. എന്താണ് ഡി.പി.ഇ.പി?**

പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി അഥവാ ഡി.പി.ഇ.പി. (District Primary Education Programme). 1993ലാണ് ഇത്തരമൊരു പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത്. ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിലെ 132 ജില്ലകളിലാണ് ഇപ്പോൾ ഇത് നടന്നുവരുന്നത്. യൂറോപ്യൻ യൂണിയൻ (150 million ECU), IDA (690 million ഡോളർ), ഇംഗ്ലണ്ടിലെ ODA എന്നീ സ്ഥാപനങ്ങളാണ് വിദേശസാമ്പത്തികസഹായം നൽകുന്നത്. കേന്ദ്രസർക്കാർ കേരളത്തിൽ 94-95 മുതൽ 3 ജില്ലകളിലും (കാസർഗോഡ്, വയനാട്, മലപ്പുറം) 97-98 മുതൽ മൂന്ന് ജില്ലകളിലും (തിരുവനന്തപുരം, പാലക്കാട്, ഇടുക്കി) എന്നിങ്ങനെ 6 ജില്ലകളിലാണ് ഇത് നടപ്പിലാക്കിയത്. 7 വർഷമാണ് പദ്ധതിയുടെ കാലാവധി. 240 കോടി രൂപയാണ് കേരളത്തിന് ലഭിക്കുന്നത്. ഇതിൽ 85% കേന്ദ്ര ഗവൺമെന്റ് നൽകുന്നതും ബാക്കി സംസ്ഥാന വിഹിത്വുമാണ്. പദ്ധതിത്തുകയുടെ 24%

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും 70% അക്കാദമിക കാര്യങ്ങൾക്കും 6% പദ്ധതി നടത്തിപ്പിനുമാണ് ഉപയോഗിക്കുന്നത്.

3. കേരളത്തിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ വിദേശ സാമ്പത്തികസഹായം ആവശ്യമുണ്ടോ?

വിദ്യാഭ്യാസരംഗത്ത് വിദേശമുതൽമുടക്ക് സ്വീകരിക്കാൻ തീരുമാനിച്ചത് തൊണ്ണൂറുകളുടെ ആദ്യംമുതൽ നടപ്പിലാക്കിയ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായാണ്. വിദ്യാഭ്യാസം പോലുള്ള മേഖലകളിൽ സാമ്രാജ്യത്വതാല്പര്യങ്ങളുടെ സംരക്ഷണത്തിനായി നിലകൊള്ളുന്ന ലോകബാങ്കിന്റെ ധനസഹായം സ്വീകരിക്കുന്നത് ആശ്വാസ്യമല്ല. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസരംഗത്ത് വിദേശ മുതൽമുടക്കിന്റെ ആവശ്യവുമില്ല. ഗാട്ട് ചർച്ചകളുടെ അന്ത്യത്തിൽ മാരക്കേഷിൽ വെച്ച് ഒപ്പുവെച്ച കരാറിൽപ്പെട്ട സർവീസ്രംഗത്തെ വ്യാപാരത്തെ സംബന്ധിച്ച ഉടമ്പടി (GATS) യിൽ പെട്ടതാണ് വിദ്യാഭ്യാസവും. കൂടാതെ വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ചചെയ്ത ജ്യോമാത്യൻ സമ്മേളനത്തിലെ തീരുമാനങ്ങളും ഇതിൽ പ്രധാനമാണ്. ഇവയനുസരിച്ച് വിദ്യാഭ്യാസരംഗത്തെ മുതൽമുടക്ക് ലോകകമ്പോളശക്തികൾക്ക് വിധേയമായിരിക്കുന്നു. ഇന്ത്യയെപ്പോലുള്ള ദരിദ്രരാഷ്ട്രങ്ങളിലെ പ്രബലമായ മനുഷ്യശക്തിയെ ആഗോളമുതലാളിത്തത്തിനുള്ള വിലകുറഞ്ഞ അധ്വാനശക്തിയും കമ്പോളവുമാക്കി മാറ്റുന്നതിന് പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്ന് പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിച്ച് ലോകബാങ്ക് റിപ്പോർട്ടിൽ (Primary Education in India 1997) കാണാം. ഇതിനുവേണ്ടി വമ്പിച്ച മുതൽമുടക്കുനടത്താൻ ഇന്ന് ലോകബാങ്കും മറ്റു ശക്തികളും തയ്യാറാണ്. ഇതിന്റെ ഭാഗമായി നടപ്പിലാക്കപ്പെട്ട നിരവധി പ്രോജക്ടുകൾ ഇപ്പോൾതന്നെ വിവിധ സംസ്ഥാനങ്ങളിലുണ്ട്. ഇന്ത്യയൊട്ടാകെ നടപ്പിലാക്കിവരുന്ന ഡി.പി.ഇ.പി.യും ഇതിന്റെ ഭാഗമാണ്.

4. പുതിയ പാഠ്യപദ്ധതി ലോകബാങ്കിന്റെ നിർദ്ദേശപ്രകാരമാണ് നടപ്പിലാക്കുന്നത് എന്നുപറയുന്നത് ശരിയാണോ?

വസ്തുതകൾ പരിശോധിച്ചാൽ ഈ വാദം തീർത്തും അടിസ്ഥാനരഹിതമാണെന്നുകാണാം. കേരളത്തിലെ പാഠ്യപദ്ധതി പരിഷ്ക്കരിക്കണമെന്നത് ഏറെക്കാലമായി വിദ്യാഭ്യാസ വിദഗ്ദ്ധരും സമൂഹവും ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഇതിനുള്ള ഒറ്റപ്പെട്ട, ബോധപൂർവമായ ശ്രമങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നിലവിലുള്ള സംവിധാനത്തിനുള്ളിൽ നിന്നുതന്നെ ജില്ലാ കൗൺസിലുകളുടേയും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസപ്രവർത്തകരുടേയും സഹായത്തോടെ തൊണ്ണൂറുകളുടെ ആദ്യം നടന്നിരുന്നു. അതിന്റെ സ്വാഭാവികമായ വളർച്ചയാണ് പുതിയ പാഠ്യപദ്ധതി. ഡി.പി.ഇ.പി.യാണ് പാഠ്യപദ്ധതിയുടെ പ്രൈമറിതലത്തിന് രൂപംകൊടുത്തത് എന്നതുകൊണ്ടാണ് ഇതിന് ലോകബാങ്ക്ബന്ധം ആരോപിക്കുന്നത്. എന്നാൽ ഈ പാഠ്യപദ്ധതി ഡി.പി.ഇ.പിയുടെ കീഴിലല്ലാത്ത 8 ജില്ലകളിലടക്കം കേരളത്തിലെ മുഴുവൻ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും ബാധകമാക്കിക്കഴിഞ്ഞു. മാത്രവുമല്ല, 14 സംസ്ഥാനങ്ങളിൽ 150ഓളം ജില്ലകളിൽ നടപ്പിലാക്കപ്പെടുന്ന ഈ പദ്ധതിയിൽ മറ്റൊരു സംസ്ഥാനത്തും പാഠ്യപദ്ധതി പരിഷ്ക്കരിക്കപ്പെട്ടിട്ടുമില്ല.

മറ്റൊന്നുകൂടിയുണ്ട്. ലോകബാങ്കിന് തങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഏറ്റവും സഹായകരമായിരുന്നത് കേരളത്തിൽ നിലനിന്നുവന്ന പാഠ്യപദ്ധതിയാണ്. ചിന്തിക്കാനും ചോദ്യംചെയ്യാനും പ്രേരിപ്പിക്കാത്ത, സർഗാത്മകശേഷി വികസിപ്പിക്കാത്ത, ഉപഭോഗ സംസ്ക്കാരത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു പാഠ്യപദ്ധതിക്ക് പകരം കേരളത്തിൽ പുതുതായി വന്നത് സർഗാത്മകശേഷികൾ വികസിപ്പിക്കാൻ സഹായിക്കുന്ന, അന്വേഷണബുദ്ധിയേയും ചിന്തയേയും ചോദ്യം ചെയ്യലിനേയും പ്രോത്സാഹിപ്പിക്കുന്ന, കൂട്ടായ്മയുടേയും മാനവികതയുടേയും മൂല്യങ്ങൾ ഉയർത്തുന്ന, വ്യക്തി

ത്വത്തിന്റെ സമഗ്രമായ വികാസത്തിന് കളമൊരുക്കുന്ന ഒരു പാഠ്യപദ്ധതിയാണ്. ആ അർത്ഥത്തിൽ അത് സാമ്രാജ്യത്വവിരുദ്ധവുമാണ്.

5. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഒരു പാഠ്യപദ്ധതി പരിഷ്ക്കരണം അനിവാര്യമായിരുന്നുവോ?

അനിവാര്യമായിരുന്നു. വ്യക്തമായ ദിശാബോധത്തിന്റെ അഭാവമാണ് കേരളത്തിലെ വിദ്യാഭ്യാസരംഗം പരിശോധിക്കുമ്പോൾ കാണാൻ കഴിഞ്ഞിരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായെങ്കിലും ഗുണപരമായി നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലെന്ന് കാണാം. വർഷംതോറും പത്താംക്ലാസ്സിലെത്തുന്ന അഞ്ചുലക്ഷത്തോളം കുട്ടികളിൽ മഹാഭൂരിപക്ഷത്തെയും മണ്ടന്മാരാക്കുന്ന ഒരു വിദ്യാഭ്യാസക്രമമാണ് നിലനിന്നിരുന്നത്. ഈ അവസ്ഥയ്ക്ക് ഒരു പ്രധാന കാരണം നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതിയിലെ പോരായ്മകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഉയർന്ന സാക്ഷരതാ നിലവാരം, വിദ്യാഭ്യാസ സൗകര്യങ്ങൾ, വിദ്യാലയങ്ങളിലെ താരതമ്യേന മെച്ചപ്പെട്ട ഭൗതിക സാഹചര്യം, വളരെ കുറഞ്ഞ തോതിലുള്ള കൊഴിഞ്ഞുപോക്ക്, പരിശീലനം ലഭിച്ച അധ്യാപകർ, വിദ്യാഭ്യാസമേഖലയിലെ സമൂഹത്തിലെ പങ്കാളിത്തം തുടങ്ങിയ അനുകൂല ഘടകങ്ങളും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെയുണ്ടെങ്കിലും ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്.

ഉദാഹരണമായി, ഒന്നാം ക്ലാസിൽ പ്രവേശിപ്പിക്കപ്പെടുന്ന 100 കുട്ടികളിൽ 70 കുട്ടികൾ 10-ാം ക്ലാസിലെത്തുന്നുവെങ്കിലും, നേടേണ്ട ശേഷികൾ മുഴുവൻ നേടിയല്ല അവിടെയെത്തുന്നതെന്ന് എല്ലാ പഠനങ്ങളും തെളിയിക്കുന്നു. ഇങ്ങനെയുള്ള കുട്ടികളിൽ ഇരുപത് ശതമാനത്തോളം മാത്രമാണ് മോഡറേഷനില്ലാതെ പത്താംക്ലാസ് പാസാവുന്നത്. അതായത് വെറും 14 കുട്ടികളേ ജയിക്കുന്നുള്ളൂ. മറ്റ് കുട്ടി

കളെ മുഴുവൻ മണ്ടന്മാരാക്കുന്ന വിദ്യാഭ്യാസരീതിയാണ് നിലവിലുള്ളത് എന്നു ചുരുക്കം.

കേരളത്തിലെ പ്രാഥമിക വിദ്യാലയങ്ങളുടെ പൊതുഗുണനിലവാരം പഠിതാക്കളുടെ പഠനനിലവാരവും വിദ്യാഭ്യാസ പദ്ധതിയുടെ ഉള്ളടക്കവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കാനുള്ള ഒട്ടനവധി ശ്രമങ്ങൾ നടന്നിരുന്നുവെങ്കിലും അത്തരം ശ്രമങ്ങൾ ഒന്നുംതന്നെ പ്രാഥമിക വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തെ സമഗ്രമായി പരിഷ്ക്കരിക്കുവാനോ ക്ലാസ് മുറികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനോ ശ്രമിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. അതിന്റെ ഫലമായി നമ്മുടെ പ്രാഥമിക വിദ്യാഭ്യാസം പഠിതാവിന്റേയും സമൂഹത്തിന്റേയും ആവശ്യങ്ങളെ നിറവേറ്റുന്നതിൽ തീരെ അപര്യാപ്തമായിത്തുടർന്നു.

ഈയൊരവസ്ഥയിലാണ് കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി എന്തായിരിക്കണം, അതെങ്ങനെ ക്ലാസ്മുറികളിൽ നിറവേറ്റണം എന്നീ ചിന്തകൾക്ക് പ്രസക്തിയേറിയത്. അതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞകാലത്തെ ഉപരിപ്ലവമായ പരിഷ്ക്കരണ ശ്രമങ്ങൾ ഗുണകരമാവില്ലെന്ന അനുഭവങ്ങളുടെ വെളിച്ചത്തിലാണ് പുതിയ പാഠ്യപദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്.

6. കേരളത്തിൽ നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതിയുടെ പോരായ്മ എന്തായിരുന്നു?

നിലവിലുണ്ടായിരുന്ന പ്രൈമറി പാഠ്യപദ്ധതി സമഗ്രമോ വിദ്യാഭ്യാസപ്രക്രിയയ്ക്കാകെ ദിശാബോധം നൽകുന്നതോ അല്ലായിരുന്നു. പാഠ്യപദ്ധതിയുടെ ആമുഖത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പഠിതാവിന്റെ സമഗ്ര വികസനമാണെന്നും പഠനബോധനരീതി ശിശുകേന്ദ്രീകൃതമായിരിക്കണമെന്നും മൂല്യനിർണ്ണയം

സമഗ്രവും നൈരന്തര്യമുള്ളതുമാകണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ വിവിധ വിഷയങ്ങളിൽ ഓരോ ഘട്ടത്തിലും ഇവ ക്രമാനുഗതമായി വികസിപ്പിച്ചെടുക്കാനുള്ള പ്രവർത്തനപദ്ധതികൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിരുന്നില്ല. ഉദാഹരണമായി, പരിസര പഠനത്തിന് അനുവർത്തിക്കേണ്ട ബോധനരീതി എന്തായിരിക്കണമെന്ന്പാഠ്യപദ്ധതിയിൽ സൂചിപ്പിച്ചാൽ മാത്രംപോര. ഇത് പഠിതാവിൽ ഏതുവിധത്തിലുള്ള നൈപുണിയുടെ വികസനത്തെയാണ് ലക്ഷ്യമിടുന്നത്, ആസൂത്രണം ചെയ്യാവുന്ന പഠനബോധന രീതികൾ എന്തൊക്കെ, ഉപയോഗിക്കാവുന്ന വിവധ മൂല്യനിർണ്ണയ മാർഗ്ഗങ്ങൾ ഏതെല്ലാമാണ്, ഇതിനായുള്ള ക്ലാസ് റൂം തന്ത്രം എന്തായിരിക്കണം, അധ്യാപകർക്കുള്ള പരിശീലനം എങ്ങനെ ചിട്ടപ്പെടുത്തണം, ക്ലാസ് റൂം പ്രവർത്തനങ്ങളെ എങ്ങനെ മോണിട്ടർ ചെയ്യണം എന്നെല്ലാം പാഠ്യപദ്ധതി വിശദമാക്കണം. എന്നാൽ ഇതൊന്നും പറയാതെ പാഠഭാഗങ്ങളുടെ പ്രധാന ആശയങ്ങൾ അടങ്ങിയ ഒരു വിവരണം മാത്രമാണ് നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതി.

7. നിലവിലുള്ള പഠന/ബോധന സമീപനങ്ങളുടെ തകരാറാണോ യഥാർത്ഥത്തിൽ കുട്ടികളുടെ ശേഷിവികസനത്തെ തടസ്സപ്പെടുത്തിയിരുന്നത്?

പാഠ്യപദ്ധതിയും സമീപനങ്ങളും സാമൂഹികാവബോധം, വൈകാരികവികസനം, അടിസ്ഥാന പഠന നൈപുണികൾ എന്നിവയുടെ വികസനത്തിന് പരിഗണന നൽകാതെ, കുട്ടിയുടെ വൈജ്ഞാനിക വികസനത്തിന് മാത്രമാണ് ഊന്നൽ നൽകിയത്. അറിവ്, ഗ്രഹണം, പ്രയോഗം, അഭിഭാവം, മനോഭാവം എന്നീ തലങ്ങളിൽ മാറ്റമുണ്ടാക്കണമെന്നുപറയുമ്പോഴും കുറെ വിവരങ്ങൾ ആർജ്ജീകരിക്കുക മാത്രമായി പഠനപ്രക്രിയ ചുരുങ്ങിപ്പോയത് സമീപനവൈകല്യം മൂലമാണ്. അതുപോലെതന്നെ സാമൂഹികമൂല്യങ്ങളായ സഹകരണ മനോഭാവം, സഹിഷ്ണുത, സ്ത്രീ–പുരുഷ സമത്വം എന്നിവ

വളർത്തിയെടുക്കാൻ പ്രഭാഷണരീതി, ക്ലാസ് മുറിയിൽ സംഘടിപ്പിക്കുന്ന പൊള്ളയായ ജീവിതമാതൃകകൾ മുതലായവയാണ് ആ പാഠ്യപദ്ധതി ശുപാർശ ചെയ്യുന്നത്. ഈ രീതികളിലൂടെ വൈകാരികവികസനം സാധ്യമല്ല. അത് അനൗപചാരിക സാമൂഹ്യസന്ദർഭങ്ങളിലെ യഥാർത്ഥ പങ്കാളിത്തത്തിലൂടെയും അതിന്മേലുള്ള സംവാദത്തിലൂടെയും മാത്രമേ സാധിക്കൂ. എന്തു പഠിക്കണം എന്നതുപോലെ എങ്ങനെ പഠിക്കണം എന്നതും ഇക്കാര്യത്തിൽ പ്രധാനമാണ്. പഠനത്തിനുവേണ്ടി സ്വന്തം കഴിവുകൾ വികസിപ്പിച്ച് കുട്ടിയെ സ്വതന്ത്രനാക്കുന്നതിനുപകരം പാഠപുസ്തകത്തിനും അധ്യാപകർക്കും അതുവഴി അധീശത്വത്തിനും അടിമപ്പെടുത്തുന്ന സമീപനമാണ് നിലവിലുണ്ടായിരുന്നത്.

8. പ്രാഥമിക വിദ്യാഭ്യാസം സെക്കണ്ടറി ഘട്ടത്തിലേക്കുള്ള ചവിട്ടുപടി മാത്രമാണോ? പ്രാഥമിക വിദ്യാഭ്യാസം സ്വയം സമ്പൂർണ്ണ ഘട്ടമാണോ?

5 മുതൽ 13 വയസ്സുവരെയുള്ള കാലഘട്ടം കുട്ടിയുടെ വ്യക്തിത്വവികസനത്തിനും ജീവിത നൈപുണികളുടെ രൂപവത്കരണത്തിനുമാണ് ഊന്നൽ നൽകേണ്ടത്. തുടർന്ന് പഠനത്തിനുള്ള അവസരം ലഭിച്ചില്ലെങ്കിലും സമൂഹത്തിലെ ഒരു ഉത്പാദന പ്രക്രിയയിൽ ഇടപെടാൻ ഈ ഘട്ടത്തിലെ വിദ്യാഭ്യാസത്തിലൂടെ നേടുന്ന കഴിവുകൊണ്ട് ഒരാൾക്ക് സാധിക്കണം. അതുകൊണ്ടാണ് നമ്മുടെ ഭരണഘടനയിൽ 14 വയസ്സുവരെയുള്ളവർക്കെല്ലാം സാർവത്രിക വിദ്യാഭ്യാസം കൊടുക്കണമെന്ന് നിഷ്ക്കർഷിക്കുന്നത്.

എന്നാൽ നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതി പ്രൈമറി വിദ്യാഭ്യാസത്തെ സെക്കണ്ടറി ഘട്ടത്തിനുവേണ്ടി പഠിതാവിനെ തയ്യാറാക്കാനുള്ള ചവിട്ടുപടി മാത്രമായി കരുതുന്നു. അതുകൊണ്ടുതന്നെ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ കേരളത്തിലെ ഒരു വിദ്യാർത്ഥി/നിക്ക് അടിസ്ഥാനനൈപുണികളായ വായ

ന, എഴുത്ത്, ഗണിതം എന്നിവയൊന്നും നേടാനാകാതെവരുന്ന അവസ്ഥയുണ്ടായിരുന്നു. സെക്കണ്ടറി വിദ്യാഭ്യാസമാകട്ടെ അതിന്റെ അവസാനഘട്ടത്തിലുള്ള പൊതുപരീക്ഷയെമാത്രം ലക്ഷ്യമാക്കുകയും ചെയ്യുന്നു.

9. പുതിയ പാഠ്യപദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണ്?

പുതിയ പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതമാണ്. കുട്ടികൾക്ക് അവരുടെ ചുറ്റുപാടുകളിൽനിന്ന് സ്വന്തം പഠനവേഗതയനുസരിച്ച് അറിവ് സമ്പാദിക്കാൻ അവസരം നൽകുന്നു. ഇതുവഴി പഠനത്തിലെ പിന്നാക്കക്കാരുടെ എണ്ണം കുറയ്ക്കാൻ കഴിയുന്നു. പഠനംനടക്കുന്നത് പ്രക്രിയാധിഷ്ഠിതവും ഉദ്ഗ്രഥിതവുമായ രീതിയിലാണ്. മൂല്യനിർണ്ണയം സമഗ്രവും തുടർച്ചയായതും കുട്ടികളുടെ എല്ലാ കഴിവുകളും പരിശോധിക്കുന്നതിന് ലക്ഷ്യമിടുന്നതുമാണ്. അധ്യാപകന്റെ പങ്കിൽ ഗുണപരമായ വ്യത്യാസം വരുന്നു. വിദ്യാഭ്യാസത്തിന്റെ സാമൂഹികനിയന്ത്രണം എന്ന ആശയം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നു.

10. കരിക്കുലവും പാഠപുസ്തകവും തമ്മിലുള്ള ബന്ധം എന്തായിരിക്കണം? പുതിയ കരിക്കുലം എങ്ങനെ പഴയതിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു?

സമൂഹം നാളിതുവരെ ആർജ്ജിച്ച നേട്ടങ്ങൾ, അറിവുകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ തുടങ്ങിയവ സമൂഹത്തിലെ പുതിയ അംഗമായ കുട്ടിയിലെത്തിക്കുന്നതാണല്ലോ വിദ്യാഭ്യാസം. പുതിയ അറിവുകൾ കണ്ടെത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട ഒരു 'നാളെയെ' സൃഷ്ടിക്കുന്നതിനും വിദ്യാഭ്യാസം അവരെ പ്രാപ്തരാക്കണം. അതിനായി ഓരോ സമൂഹവും വിദ്യാഭ്യാസത്തിന് ലക്ഷ്യങ്ങൾ നിർവ്വചിച്ചിട്ടുണ്ട്. അതു നേടാനായി പഠനത്തിന്റെ ഉള്ളടക്കം, വിവിധ വിഷയങ്ങളുടെ പഠനബോധനരീതി, ഓരോ വിഷയം പഠിക്കുന്നതുവഴി നേടേണ്ട

ശേഷികൾ, ഇതിനായുള്ള അധ്യാപക പരിശീലനം, അധ്യാപകർ-വിദ്യാർത്ഥികൾ, പഠനപ്രക്രിയ ഇവയെപ്പറ്റിയുള്ള ധാരണകളും സങ്കൽപ്പങ്ങളും, മൂല്യനിർണ്ണയരീതി, വിദ്യാലയവും സമൂഹവുമായുള്ള ബന്ധം തുടങ്ങിയ കാര്യങ്ങൾ സൂചിപ്പിക്കുന്ന ഒരു സമഗ്ര രേഖയാണ് പാഠ്യപദ്ധതി അഥവാ കരിക്കുലം.

നേരത്തെയുണ്ടായിരുന്ന പ്രൈമറി കരിക്കുലം മുകളിൽ സൂചിപ്പിച്ച അർത്ഥത്തിൽ സമഗ്രമായിരുന്നില്ല. പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവും പരിസര ബന്ധിതവുമായ പഠനപ്രക്രിയയാണ് ഉദ്ദേശിക്കുന്നതെന്ന് ആമുഖത്തിൽ സൂചിപ്പിക്കുകയല്ലാതെ അതു പ്രാവർത്തികമാക്കാനുള്ള സാധ്യതകൾ ആ പാഠ്യപദ്ധതിയിലില്ലായിരുന്നു. മൂല്യനിർണ്ണയം എഴുത്തുപരീക്ഷ മാത്രമാവരുതെന്ന് വ്യക്തമാക്കാൻ ശ്രമിച്ച പഴയ കരിക്കുലത്തിലെ പ്രസ്താവനകൾ കരിക്കുലം രേഖയിൽ മാത്രമായി ഒതുങ്ങിയതും അതിന്റെ ആഭ്യന്തരമായ പോരായ്മകൾകൊണ്ടാണ്. കരിക്കുലം അധ്യാപകർക്ക് നൽകിയിരുന്നില്ല എന്നതും പാഠപുസ്തകകേന്ദ്രീകൃത പഠനത്തിലേയ്ക്ക് നയിക്കുന്നതിന് ഇടയാക്കി. കരിക്കുലത്തിന്റെ ക്ലാസ്റൂം പ്രധാന്യം അന്നത്തെ കരിക്കുലം ശില്പികൾ വേണ്ടത്ര ഉൾക്കൊണ്ടിരുന്നില്ല എന്നുവേണം കരുതാൻ.

കരിക്കുലം പ്രകാരമുള്ള ലക്ഷ്യങ്ങളാണ് കുട്ടികൾ നേടിയെടുക്കേണ്ടത്. അതിനായി അധ്യാപകർ പ്രയോജനപ്പെടുത്തുന്ന അനവധി സാമഗ്രികളിൽ ഒന്നുമാത്രമാണ് പാഠപുസ്തകം.

11. പാഠ്യപദ്ധതി ശാസ്ത്രീയമായി രൂപപ്പെടുത്തേണ്ടത് എങ്ങനെയാണ്?

കരിക്കുലം എന്നത് വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ മനോഭാവം വ്യക്തമാക്കുന്ന ഒരു സാമൂഹിക-രാഷ്ട്രീയ രേഖയാണ്. ഈ രംഗത്തെ വിദഗ്ദ്ധർ, സാമൂഹിക ശാസ്ത്രജ്ഞർ, സാമ്പത്തികവിദഗ്ദ്ധർ, മനഃശാസ്ത്രജ്ഞർ, ജനപ്രതിനിധികൾ,

അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെയെല്ലാം അഭിപ്രായം പരിഗണിച്ചാവണം പാഠ്യപദ്ധതി രൂപീകരണം നടത്തേണ്ടത്. ഇപ്രകാരം രൂപീകരിച്ച കരട് പാഠ്യപദ്ധതി വ്യാപകമായ ജനകീയ ചർച്ചകൾക്ക് വിധേയമാക്കി സാമൂഹികാംഗീകാരം നേടേണ്ടതുമാണ്.

ഇങ്ങിനെ തയ്യാറാക്കിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന കരിക്കുലംശേഷികൾ നേടാൻ പറ്റിയതരത്തിലുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കണം. ഇവയെ ഒരു അക്കാദമിക വർഷം പൂർണ്ണമായും സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പരീക്ഷണാർത്ഥം പ്രയോഗിച്ചുവിലയിരുത്തണം. ഇതിൽനിന്ന് നേടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കരിക്കുലവും പാഠപുസ്തകവ്വും വീണ്ടും പരിഷ്ക്കരിക്കണം. ഇവയിനി സംസ്ഥാനത്തെ മൊത്തം സ്കൂളുകളിൽ നടപ്പാക്കാം. പക്ഷേ, ഓരോ വർഷവും ഫീൽഡിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അത് നിരന്തരമായി പരിഷ്ക്കരിക്കണം.

നാളിതുവരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണത്തിൽ ഇത്തരമൊരു ശാസ്ത്രീയരീതി സ്വീകരിച്ചിട്ടില്ല. (കേരളത്തിൽ അഞ്ചാം ക്ലാസ് മുതൽ കരിക്കുലമേ ഉണ്ടായിരുന്നില്ല എന്നതാണ് മറ്റൊരു വസ്തുത!)

പുതിയ പാഠ്യപദ്ധതി രൂപീകരണത്തിൽ സർക്കാർ ശാസ്ത്രീയമായ സമീപനം സ്വീകരിക്കാൻ ശ്രമിച്ചതായിക്കാണാം. പാഠ്യപദ്ധതി എപ്രകാരമായിരിക്കണമെന്നതിനെ സംബന്ധിച്ച് ജനകീയ ചർച്ച, മാധ്യമങ്ങളിലൂടെയും സർവേ മുഖാന്തരവും അഭിപ്രായങ്ങൾ ശേഖരിക്കൽ, വിദ്യാഭ്യാസ വിദഗ്ദ്ധർ, മനഃശാസ്ത്രജ്ഞർ, അധ്യാപകർ, സാംസ്ക്കാരിക പ്രവർത്തകർ എന്നിവരുടെ അഭിപ്രായങ്ങൾ തേടൽ എന്നിവയൊക്കെ പരിമിതമായ തോതിലാണെങ്കിലും നടന്നിട്ടുണ്ട്. പാഠ്യപദ്ധതി പ്രായോഗികാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിരന്തരം മെച്ചപ്പെടുത്തേണ്ടതുമാണ്. പുതിയ പാഠ്യപദ്ധതി ഇപ്രകാരം മെച്ച

പ്പെടുത്തിയാണ് രണ്ടാം വർഷം നടപ്പിലാക്കിയത്. ക്രിയാത്മകമായ വിമർശനങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ ജനങ്ങൾക്ക് എല്ലാ വർഷവും അവസരം ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ ഏതൊരു പാഠ്യപദ്ധതിയും പൂർണത കൈവരിക്കൂ. ജനാധിപത്യപരമായ രീതി ഇതാണ്.

12. അധ്യാപകർ, പാഠപുസ്തകങ്ങൾ, പരീക്ഷ തുടങ്ങിയ ഔപചാരിക വിദ്യാഭ്യാസത്തിന്റെ അനുപേക്ഷണീയഘടകങ്ങൾ പുതിയപാഠ്യപദ്ധതി അവഗണിക്കുന്നു എന്ന വിമർശനം ശരിയാണോ?

ശരിയല്ല. എന്നുമാത്രമല്ല അധ്യാപകർക്ക് മുമ്പത്തെ പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതിനേക്കാൾ പ്രധാനപ്പെട്ട ഒരു സ്ഥാനമാണ് ഇപ്പോഴുള്ളത്. അധ്യാപകർ കുട്ടിയുടെ മുതിർന്ന സുഹൃത്തായും മാർഗദർശിയായും കുട്ടിയുടെ പഠനാവശ്യങ്ങൾ കണ്ടറിഞ്ഞ് അനുയോജ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്ന വിദ്യാഭ്യാസവിദഗ്ദ്ധരായും പ്രവർത്തിക്കുകവഴി അധ്യാപകരുടെ റോൾ ക്ലാസുകളിൽ നിർണ്ണായകമാവുകയാണ് പുതിയ പാഠ്യപദ്ധതിയിൽ. ഏകമുഖമായ കല്പനകൾ പുറപ്പെടുവിക്കുന്ന തലത്തിൽനിന്ന് കൂടുതൽ ജനാധിപത്യപരമായ തലത്തിലേയ്ക്ക് പുരോഗമനാത്മകമായി അധ്യാപകർ മാറുന്നു.

> *"പാഠപുസ്തകങ്ങളിൽ നിന്നുമാത്രം പഠിപ്പിക്കുന്ന അധ്യാപകർ തന്റെ വിദ്യാർത്ഥികൾക്ക് സ്വന്തമായി ഒന്നും പ്രദാനം ചെയ്യുന്നില്ല. അയാൾതന്നെ പാഠപുസ്തകങ്ങളുടെ അടിമയാകുകയാണ്".*
>
> **(ഗാന്ധിജി, ഹരിജൻ, 10–3–46)**

പാഠപുസ്തകങ്ങൾക്ക് പരമപ്രാധാന്യം നൽകുന്നത് പണ്ടുമുതലേ വിമർശനവിധേയമായിരുന്നു. ദേശീയനേതാക്കൾ മുമ്പോട്ടുവച്ച ഇത്തരം നിർദ്ദേശങ്ങൾ ഈ പാഠ്യപദ്ധതി രൂപീകരണത്തിൽ പരിഗണിക്കപ്പെട്ടിട്ടുണ്ട്. പാഠപുസ്തകം കരി

ക്കുലം ലക്ഷ്യം നേടാൻ ഉപയോഗപ്പെടുത്തുന്ന അനേകം സാമഗ്രികളിൽ ഒന്നായിമാത്രമാണ് പുതിയപാഠ്യപദ്ധതി നോക്കിക്കാണുന്നത്. വർത്തമാനപ്പത്രങ്ങൾ, കുട്ടികളുടെ സൃഷ്ടികൾ, ലോക്കൽ ടെക്സ്റ്റുകൾ, ബാലസാഹിത്യകൃതികൾ, വിജ്ഞാനഗ്രന്ഥങ്ങൾ, പ്രകൃതി എന്ന പാഠപുസ്തകം, അധ്യാപകർ ശേഖരിക്കുന്ന പഠനസാധ്യതയുള്ള മെറ്റീരിയലുകൾ എന്നിവയൊക്കെ പാഠപുസ്തകങ്ങളോടൊപ്പം ഇന്ന് പഠനാനുഭവങ്ങൾ നൽകുന്നതിനായി പ്രയോജനപ്പെടുത്തുന്നു.

പരീക്ഷ എന്നതിനെ ഗുണപരമായി മെച്ചപ്പെടുത്തിയിരിക്കുന്നു പുതിയ പാഠ്യപദ്ധതിയിൽ. നിരന്തര മൂല്യനിർണ്ണയം യാഥാർത്ഥ്യമാക്കുകയാണിവിടെ. അധ്യാപകർ ടീച്ചിംഗ് മാന്വലിലെ വിലയിരുത്തൽ കുറിപ്പുകളിലൂടെയും ഓരോ കുട്ടിയെക്കുറിച്ചുമുള്ള വിവരങ്ങൾ സൂക്ഷിക്കുന്ന "എന്റെ കുട്ടികൾ" എന്ന രേഖയിലൂടെയും, ഓരോ പഠനപ്രവർത്തനങ്ങളും എത്രത്തോളം ഫലപ്രദമായി എന്നും എത്ര കുട്ടികൾക്ക് നിർദ്ദിഷ്ട ശേഷികൾ നേടാനായിയെന്നും അപ്പപ്പോൾ വിലയിരുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കൂടാതെ ടേം മൂല്യനിർണ്ണയത്തിലൂടെയും കുട്ടിയുടെ നാനാവിധമായ കഴിവുകൾ അളക്കുന്നുമുണ്ട്.

13. ക്ലാസുകളിൽ പഠനമേ നടക്കുന്നില്ല, കളിമാത്രമാണ് നടക്കുന്നതെന്നുള്ള വിമർശനത്തിൽ കഴമ്പുണ്ടോ?

കളികളേയും കാര്യത്തേയും നേർവിപരീതങ്ങളായിക്കാണുന്ന സാമാന്യബോധമാണ് കാര്യമറിയാതെയുള്ള ഈ വിമർശനത്തിന്റെ അടിസ്ഥാനം. പ്രവർത്തനാധിഷ്ഠിതമായ ക്ലാസിൽ യഥാർത്ഥത്തിൽ എന്താണുനടക്കുന്നത് എന്ന് നേരിട്ടറിയാത്തതും വിമർശനമുന്നയിക്കാൻ കാരണമായിട്ടുണ്ട്.

കുട്ടികളുടെ മസ്തിഷ്ക പ്രവർത്തനങ്ങളെ സജീവമാക്കുന്ന പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ മാത്രമാണ് പഠനം സംഭവിക്കുന്നത്. അത്തരം ധാരാളം അനുഭവങ്ങൾ ഉദ്ദേശ്യപൂർണ്ണമായി നൽകുന്നതിലൂടെ മാത്രമേ കുട്ടിയിൽ നമ്മുടെ

സമൂഹം ഉദ്ദേശിക്കുന്ന ശേഷികളും ധാരണകളും മനോഭാവങ്ങളും വളരൂ. കുട്ടിയുടെ മനസ്സ് പ്രവർത്തനക്ഷമമാകുന്നത് അവന്റെ താത്പര്യമുണരുന്നത് ലക്ഷ്യബോധത്തോടെ അവനു പ്രവർത്തിക്കാൻ സാധ്യതയുള്ള സന്ദർഭങ്ങളിലാണ്.

കളിയുടെ അംശങ്ങളായ ആവേശം, ഏകാഗ്രത, ടീം സ്പിരിറ്റ്, ലക്ഷ്യത്തിലേയ്ക്കെത്താനുള്ള ബോധപൂർവമായ ശ്രമം (Goal directedness) എന്നിവ ഉൾച്ചേർന്ന പഠനപ്രവർത്തനങ്ങളാണ് ക്ലാസിൽ നടക്കുന്നത്. അല്ലാതെ കേവലം കളിയോ കളിപ്പിക്കലോ അല്ല. ഉദാഹരണമായി 'ചോദ്യോത്തരപ്പയറ്റ്' എന്ന പ്രവർത്തനം നോക്കുക. കുട്ടികളുടെ ആശയഗ്രഹണശേഷിയും പ്രകടനശേഷിയും വളർത്തുന്ന ഇതിൽ നമ്മളെന്താണ് കാണുന്നത്?

ചോദ്യോത്തരപ്പയറ്റ് നടത്തുന്നതിനുവേണ്ടി അവർ ഗ്രൂപ്പായിത്തിരിഞ്ഞ് നിർദ്ദിഷ്ട ലേഖനം/പാഠഭാഗം വായിക്കുന്നു. അതിൽനിന്ന് പരമാവധി ചോദ്യങ്ങൾ ആലോചിച്ച് കണ്ടെത്തിയെഴുതുന്നു. പിന്നെ ഒരു ഗ്രൂപ്പ് (അതായത് ഗ്രൂപ്പ് നിശ്ചയിക്കുന്ന അംഗങ്ങൾ) മാറിമാറി മറുഗ്രൂപ്പുകളോട് ചോദ്യങ്ങൾ ചോദിക്കുന്നു. ഓരോ ഗ്രൂപ്പും ഒറ്റക്കും കൂട്ടായും ആലോചിച്ച് ഉത്തരങ്ങൾ പറയുന്നു. അതിനെച്ചൊല്ലി സംവാദങ്ങൾ നടക്കുന്നു. ഓരോ ഗ്രൂപ്പിനും പ്രകടനത്തിനനുസരിച്ച പോയിന്റുകൾ ലഭിക്കുന്നു. ഇവിടെ നടക്കുന്നത് ഭാഷാശേഷികളുടെ വികസനമോ കളിയോ? ഈ പ്രവർത്തനത്തിനുവേണ്ട സജ്ജീകരണങ്ങളും ആവശ്യമായ ഇടപെടലുകളും നടത്തുന്ന അധ്യാപകന്റെ പങ്ക് യഥാർത്ഥത്തിൽ താഴുകയാണോ അതോ ഉയരുകയാണോ?

> *"നമ്മൾ ഇന്നേവരെ കുട്ടികളുടെ മസ്തിഷ്കത്തെ ഉത്തേജിപ്പിക്കുവാനും അങ്ങിനെ മനസിനെ വികസിപ്പിക്കുവാനും നോക്കാതെ സകലവിധ വസ്തുതകളും വിവരങ്ങളും അവരുടെ മനസ്സിൽ നിറയ്ക്കുവാനാണ് ശ്രദ്ധിച്ചിട്ടുള്ളത്".*
>
> **(ഗാന്ധിജി, ഹരിജൻ, 28–8–32)**

14. പുതിയ പഠനസമീപനങ്ങൾക്ക് മനഃശാസ്ത്രപരമായ വല്ല അടിസ്ഥാനവുമുണ്ടോ?

മനഃശാസ്ത്രത്തിലെ ഏറ്റവും ആധുനികമായ ധാരണകളും ധാരയുമാണ് പുതിയ പാഠ്യപദ്ധതിയുടെ ബോധന/പഠന സമീപനങ്ങൾക്കാധാരം.

നേരത്തേ നിലവിലുണ്ടായിരുന്ന ഉദ്ദേശ്യാധിഷ്ഠിത ബോധനസമീപനങ്ങളും (objective based learning approach) എം.എൽ.എൽ. രീതിതന്നെയും ഇതിനകംതന്നെ എല്ലാ വികസിതരാജ്യങ്ങളും ഉപേക്ഷിച്ച വ്യവഹാരവാദ മനഃശാസ്ത്രത്തെ (Behaviourist Psychology) അടിസ്ഥാനമാക്കുന്നതാണ്. വെള്ളെലികളിലും മറ്റ് ജീവികളിലും നടത്തിയ പരീക്ഷണങ്ങൾവഴി ഉണ്ടാക്കിയ സിദ്ധാന്തങ്ങളെ മനുഷ്യമസ്തിഷ്കത്തിന്റേയും ബോധനത്തിന്റേയും സവിശേഷതകളെ കണക്കിലെടുക്കാതെ മനുഷ്യവ്യവഹാരങ്ങളിൽ ആരോപിക്കുകയും മനഃശാസ്ത്രമണ്ഡലത്തിൽ വ്യാപിപ്പിക്കുകയും ചെയ്ത ഈ വാദം ഇടുങ്ങിയതും യാന്ത്രികവുമാണ് എന്ന് മിക്ക വിദ്യാഭ്യാസ വിദഗ്ദ്ധരും സമ്മതിച്ചിട്ടുള്ളതും തെളിയിച്ചിട്ടുള്ളതുമാണ്. നമ്മുടെ ബഹുഭൂരിപക്ഷം കുട്ടികളുടേയും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ കാരണം കിടക്കുന്നത് ആധുനിക മനഃശാസ്ത്രത്തിന്റെ അടിത്തറയില്ലാത്ത ബോധനസമീപനങ്ങളിലാണ്. എൻ.സി.ഇ.ആർ.ടിയുടെ പ്രാഥമികവിദ്യാഭ്യാസ വിഭാഗം തലവരായ ഡോ.വിനിതാ കൗളിന്റെ നേതൃത്വത്തിലുള്ള എം.എൽ.എൽ ഇംപ്ലിമെന്റേഷൻ വിലയിരുത്തൽകമ്മിറ്റി ഇക്കാര്യങ്ങൾ അവരുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഡോ.ജീൻ പിയാഷേ, നോം ചോംസ്കി, വൈഗോട്സ്കി തുടങ്ങിയ ആധുനിക മനഃശാസ്ത്രജ്ഞരുടേയും ഭാഷാശാസ്ത്രജ്ഞരുടേയും ചിന്താധാരകളാണ് പുതിയ പാഠ്യപദ്ധതിയുടെ പഠന/ബോധന സമീപനങ്ങൾക്കാധാരം.

15. പുതിയപാഠ്യപദ്ധതിപ്രകാരം ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ലഭിക്കേണ്ട ശേഷികളെല്ലാം ലഭിക്കുന്നില്ല എന്ന വിമർശനം വാസ്തവമല്ലേ?

നേരത്തേയുണ്ടായിരുന്ന പാഠ്യപദ്ധതിയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വിമർശനത്തിന് വേണ്ടിയുള്ള വിമർശനമാണെന്നുകാണാം. പകർത്തിയെഴുത്ത്, കേട്ടെഴുത്ത്, ചോദ്യങ്ങൾക്കുത്തരമെഴുതൽ, അർത്ഥം, പര്യായപദം, ടീച്ചർ എഴുതിക്കൊടുക്കുന്ന 'രചനകൾ' പകർത്തൽ എന്നിവയിൽ മാത്രമൊതുങ്ങിയിരുന്നു ഭാഷാപഠനം. ഇന്നാകട്ടെ കുട്ടികൾ വാർത്തകൾ തയ്യാറാക്കൽ, റിപ്പോർട്ട് എഴുതൽ, വിവരണക്കുറിപ്പുകൾ, അനുഭവക്കുറിപ്പുകൾ, വർണ്ണനകൾ, കത്തുകൾ, മിനുട്സ് എന്നിവ തയ്യാറാക്കൽ ചെറുലേഖനങ്ങൾ, കഥകൾ, നാടകങ്ങൾ, സംഭാഷണങ്ങൾ എന്നിവ രചിക്കൽ കവിതാപൂരണം, പ്രസംഗം, കമന്ററി, ചുമർമാസിക, കൈയെഴുത്തുമാസിക എന്നിവ തയ്യാറാക്കൽ, അടിക്കുറിപ്പെഴുതൽ, തലവാചകം നിർമ്മിക്കൽ, യാത്രാക്കുറിപ്പുകളും ചോദ്യോത്തരങ്ങളും തയ്യാറാക്കൽ, പദകേളികൾ തുടങ്ങി വൈവിധ്യമുള്ള പ്രവർത്തനങ്ങളിലൂടെ ഭാഷാപ്രയോഗശേഷികൾ നേടുന്നു. ചോദ്യങ്ങൾ ചോദിക്കാനും പ്രതികരിക്കാനുമുള്ള അവരുടെ ശേഷി വർധിച്ചിരിക്കുന്നു. പാഠപുസ്തകങ്ങൾക്കുപരി മറ്റനേകം വായനാസാമഗ്രികൾ ഭാഷാപഠനത്തിന്റെ അവിഭാജ്യഘടകമായി തീർന്നിരിക്കുന്നു. ആത്മവിശ്വാസത്തോടെ നിസ്സങ്കോചം ഭാഷ പ്രയോഗിക്കാനവർക്കിന്നു കഴിയുന്നുണ്ട്.

16. ഭാഷാ പഠനത്തിൽ ആദ്യം അക്ഷരം പഠിച്ചുറച്ച് പിന്നീട് പദങ്ങൾ തുടർന്ന് വാക്യങ്ങൾ എന്ന രീതിയല്ലേ അഭികാമ്യം? ആശയാവതരണ രീതി പ്രകാരം കുട്ടികൾ അക്ഷരം പഠിക്കുന്നേയില്ലല്ലോ?

പുതിയരീതി നടപ്പാക്കിയിട്ട് രണ്ടുവർഷം തികയുന്നു. ക്ലാസിൽ എന്താണ് നടക്കുന്നതെന്നറിയാത്തവരാണ്— ക്ലാസ്റൂം അനുഭവങ്ങൾ ഇല്ലാത്തവരാണ്—ഈ വാദഗതി

ക്കാർ. അക്ഷരപഠനത്തിന് പല രീതികളുണ്ട്. പണ്ട് നാം അക്ഷരാവതരണരീതിയായിരുന്നു സ്വീകരിച്ചിരുന്നത്. ആദ്യം അക്ഷരം പഠിപ്പിച്ചാൽ കുട്ടിയെ സംബന്ധിച്ചിടത്തോളം അർത്ഥശൂന്യവും യാന്ത്രികവുമാണെന്ന തിരിച്ചറിവാണ് നിലവിലുണ്ടായിരുന്ന പദാവതരണരീതി സ്വീകരിക്കാൻ ഇട യാക്കിയത്. ഈ മാറ്റം വരുത്തിയപ്പോഴും പാരമ്പര്യവാദി കൾ ശക്തമായി എതിർത്തിരുന്നു എന്നോർക്കുക.

ചിന്തയുടെ ഏകകം ആശയമാണ് എന്നത് ഏവർക്കുമറിവുള്ള, പരക്കെ അംഗീകരിക്കപ്പെട്ട കാര്യ മാണ്. അർത്ഥപൂർണ്ണമായി സന്ദർഭത്തിൽ അവതരിപ്പി ക്കുന്ന ആശയങ്ങളിൽനിന്ന് പദങ്ങൾ വേർതി രിച്ചറിയുന്നതിനും ആ പദങ്ങളിൽനിന്ന് നിർദ്ദിഷ്ട അക്ഷ രങ്ങൾ തിരിച്ചറിയുന്നതിനും അങ്ങനെ തിരിച്ചറിഞ്ഞ അക്ഷരങ്ങളെ പുതിയ സന്ദർഭത്തിൽ മനസ്സിലാക്കുന്ന തിനും അവ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മി ക്കുന്നതിനും കഴിയത്തക്കവിധമാണ് ഭാഷാപഠനപ്ര വർത്തനങ്ങൾ. ഈ രീതി കുട്ടിയെ സംബന്ധിച്ചിട ത്തോളം സുഗമവും അവന്റെ ഭാഷാപ്രയോഗശേഷിയും താത്പര്യവും വർധിപ്പിക്കുന്നതുമാണ്. പൂർണമായ തിൽനിന്ന് അംശത്തിലേക്ക്, മൂർത്തമായതിൽനിന്ന് അമൂർത്തമായതിലേക്ക്, ലളിതമായതിൽനിന്ന് സങ്കീർണ്ണ മായതിലേക്ക് തുടങ്ങിയ മനഃശാസ്ത്രതത്വങ്ങളും ബോധ നപ്രമാണങ്ങളും ഈ രീതിക്കാധാരമാണ്.

ഒന്നാം ക്ലാസിൽ കുട്ടി പഠിക്കേണ്ട അക്ഷരങ്ങൾ ഏതൊക്കെയാണെന്ന് നിർണ്ണയിച്ച് അധ്യാപകസഹാ യിയുടെ അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. കുട്ടി അക്ഷരം പഠിക്കുന്നുണ്ട്. പഠനരീതി ശാസ്ത്രീയമാക്കുക മാത്രമാണ് ചെയ്തത്. പഴയരീതിപ്രകാരം പഠിച്ച കുട്ടി കളിൽ 35-40 ശതമാനം പേർക്ക് അക്ഷരം എഴുതാനോ

വായിക്കാനോ കഴിഞ്ഞിരുന്നില്ല എന്നത് (വിജ്ഞാന വേദി/അക്ഷരപുലരി-പഠനങ്ങൾ) പഴയരീതിയുടെ പോരായ്മയാണ്. പോരായ്മകൾ പരിഹരിക്കുന്നതിനാണ് പുതിയരീതിയിലൂടെ ശ്രമിക്കുന്നത്.

17. ഭാഷാസമീപനം ശാസ്ത്രീയാടിത്തറയില്ലാത്തതാണെന്ന വാദമുണ്ടല്ലോ?

കുട്ടിയുടെ ജന്മസിദ്ധമായ കഴിവുകളേയും അവരുടെ പ്രകൃതത്തേയും ഓരോ കുട്ടിയുടേയും വ്യക്തിവൈശിഷ്ട്യത്തേയും അറിഞ്ഞുകൊണ്ട് അവരുടെ പഠനപ്രക്രിയയ്ക്കു ഗതിവേഗം നൽകുന്ന ഭാഷാ സമീപനമാണ് നാം സ്വീകരിച്ചിട്ടുള്ളത്. ലോകത്തിന്റെ പല ഭാഗങ്ങളിലായി നിരവധി മനഃശാസ്ത്ര വിദഗ്ദ്ധരും ഭാഷാശാസ്ത്രജ്ഞരും വിദ്യഭ്യാസ വിചക്ഷണരും വർഷങ്ങളോളമായി നടത്തിവന്ന കൂട്ടായ ശ്രമത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞുവന്നിട്ടുള്ള ഈ സമീപനത്തിന്റെ അന്തർധാര സമഗ്ര ഭാഷാ ദർശനം (Whole Language Philosophy) ആണ്.

സ്കിന്നർ, തോൺഡൈക്ക് തുടങ്ങിയവരുടെ ബിഹേവിയറിസ്റ്റ് മാതൃകയെ നിരാകരിച്ചുകൊണ്ട് നോം ചോംസ്കി, വൈഗോട്സ്കി, ഹാലിഡേ തുടങ്ങിയവരുടെ കോഗ്നിറ്റീവ്-ഇന്ററാക്ഷനിസ്റ്റ് മാതൃകയാണ് ഈ സമീപനത്തിന്റെ അടിത്തറയായി സ്വീകരിച്ചിട്ടുള്ളത്.

18. പാഠപുസ്തകങ്ങളിൽ നാടൻ പദപ്രയോഗങ്ങളുടെ അതിപ്രസരമാണെന്നുള്ള വിമർശനം ശരിയാണോ?

ഏതൊരു ഭാഷയുടേയും ജീവത്സ്വരൂപമാണ് അതിന്റെ വായ്മൊഴി. സ്വതഃസിദ്ധവും സ്വാഭാവികവുമായ വ്യവഹാരഭാഷയെ നിഷേധിക്കാൻ ആർക്കും കഴിയുകയില്ല. കേരളത്തിലെല്ലായിടത്തും 'മലയാളം' ഒരേ പോലെയല്ല സംസാരിക്കുന്നത്. ഈ വൈവിധ്യമാണ് മലയാളത്തിന്റെ സമ്പത്ത്. ഏതെങ്കിലും പ്രദേശത്തെ ഭാഷ മെച്ചമാണെന്നോ

ഏതെങ്കിലും ഭാഗത്തെ ഭാഷ അധമമാണെന്നോ വിധിക്കുവാൻ ഭാഷാസ്നേഹികൾ മുതിരുകയില്ല. അറിവിന്റെ ഭാഷ ആഢ്യഭാഷയാണെന്ന മിഥ്യാധാരണ പണ്ടുമുതലേ അധീശവർഗ്ഗം സ്ഥാപിക്കാൻ ശ്രമിച്ചിരുന്നു. ആധിപത്യത്തിന്റെ സാംസ്ക്കാരിക ചിഹ്നമായി സംസ്കൃതവും ഇംഗ്ലീഷുമൊക്കെ കടന്നുവന്നതിങ്ങനെയാണ്. പ്രൗഢഭാഷയുടെ വക്താക്കൾ വരേണ്യവർഗ്ഗത്തിന്റെ ഭാഷയാണ് ഏറ്റവും ശുദ്ധം എന്ന് വാദിക്കുകയാണ്. എപ്പോഴൊക്കെ മലയാളത്തനിമയും സംസ്ക്കാരവും സംരക്ഷിക്കാനും വികസിപ്പിക്കാനും ശ്രമിച്ചിട്ടുണ്ടോ അപ്പോഴൊക്കെ യാഥാസ്ഥിതികവാദികൾ അതിനെതിരെ അണിനിരന്നിട്ടുണ്ട്.

പുതിയ പാഠ്യപദ്ധതി ഗ്രാമ്യപദങ്ങൾ പഠിപ്പിക്കുക എന്ന ദൗത്യം ഏറ്റെടുത്തിട്ടില്ല. കഥകളിലും കവിതകളിലും സ്വാഭാവികമായി കടന്നുവരുന്ന പദങ്ങൾ കുട്ടികൾ പരിചയപ്പെടുന്നതിനെ വിലക്കുന്നുമില്ല. കുഞ്ഞുണ്ണിമാഷ്, വൈക്കം മുഹമ്മദ് ബഷീർ എന്നിവരുടെ രചനകളിലെ പ്രയോഗങ്ങളാണ് വിമർശകർക്ക് ദഹിക്കാത്തവ! ശിശുസൗഹൃദപരമായ ഭാഷയും സമീപനവും വേണമെന്ന ധാരണയുടെ അടിസ്ഥാനത്തിൽ കുട്ടിയുടെ വായനാതാത്പര്യത്തെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ കൃത്രിമത്വം ഒഴിവാക്കിക്കൊണ്ടുള്ള ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. തലമുറകളിലൂടെ കൈമാറിക്കൈമാറി നാം കാത്തുസൂക്ഷിക്കുന്ന നമ്മുടെ ഭാഷാപാരമ്പര്യത്തിന്റെ അമൂല്യസമ്പത്താണ് നാടൻപാട്ടുകൾ. അവ പാഠപുസ്തകങ്ങളിൽനിന്ന് ഒഴിവാക്കണമെന്ന വാദക്കാർ നമ്മുടെ സംസ്ക്കാരത്തെയാണ് നിഷേധിക്കുന്നത്. സ്വന്തം സാംസ്ക്കാരികത്തനിമയിൽനിന്ന് അന്യവത്കരിക്കപ്പെട്ട ഒരു സമൂഹം, സ്വന്തം മണ്ണിന്റെ ചൂരും ചുണയുമറിയാത്ത ഒരു സമൂഹം ഇവിടെയുണ്ടാകണമെന്നല്ലേ പരോക്ഷമായി വിമർശനപക്ഷം ആഗ്രഹിക്കുന്നത്?

19. പുതിയ പാഠ്യപദ്ധതിയിൽ പരിസരപഠനത്തോടുള്ള സമീപനമെന്ത്?

പുതിയ പാഠ്യപദ്ധതി പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച 1997 ലെ കമ്മിറ്റി റിപ്പോർട്ട് ഇപ്രകാരം പറയുന്നു:

*"പരിസരം പ്രൈമറി വിദ്യാഭ്യാസത്തിലെ ഒരു സുപ്രധാന ഭാഗമാണെന്നും പരിസര നിരീക്ഷണവും പഠനവും കുട്ടികളുടെ എല്ലാ നൈപുണികളും വികസിപ്പിക്കാനുള്ള മാധ്യമമാണെന്നുമുള്ള തിരിച്ചറിവുണ്ടായിട്ടുണ്ട്".*

*"നിരീക്ഷണം, ക്രമീകരണം, തരംതിരിക്കൽ, താരതമ്യം ചെയ്യൽ, ചെയ്തുപഠിക്കൽ, ശേഖരണം തുടങ്ങിയ പഠനപ്രവർത്തനങ്ങൾക്ക് പ്രൈമറിതലത്തിൽ അർഹമായ പ്രാധാന്യം ഈ പാഠപുസ്തകങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്".* *(പേജ് 7)*

പരിസരപഠനം പരിസരത്തിൽ ഇറങ്ങിച്ചെന്നുള്ള പഠനമായി ഇന്നുമാറിയിരിക്കുകയാണ്. ചുറ്റുപാടുമുള്ള വസ്തുക്കളെയും പ്രതിഭാസങ്ങളെയും നിരീക്ഷിക്കുകയും താരതമ്യം ചെയ്ത് ചർച്ചയിലൂടെയും അധ്യാപകന്റെ ഇടപെടലുകളിലൂടെയും ധാരണകൾ രൂപീകരിക്കുന്നതിലൂടെയാണ് ഇത് സാധിക്കുന്നത്. കുട്ടിയുടെ പരിസരം ഒരു ഔട്ട് ഡോർ ലബോറട്ടറി ആണെന്ന വിദഗ്ദ്ധാഭിപ്രായം അംഗീകരിക്കുന്നതാണ് പുതിയ പാഠ്യപദ്ധതി.

20. ഗണിതം ചിട്ടയായി അഭ്യസിക്കേണ്ട ഒരു വിഷയമാണെന്നും അത് കളിയിലൂടെ പഠിക്കാൻ സാധ്യമല്ലെന്നുമുള്ള വിമർശനം ശരിയല്ലേ?

ഇന്നലെവരെ കേരളത്തിലെ ബഹുഭൂരിപക്ഷം കുട്ടികൾക്കും ഗണിതത്തോട് ഭയമായിരുന്നു. ഏറ്റവും പ്രയാസമുള്ള ആ ഗണിതം ഇന്ന് പുതിയ പാഠ്യപദ്ധതിപ്രകാരം പഠിക്കുന്ന കുട്ടികൾക്ക് ഏറ്റവും പ്രിയങ്കരമായിത്തീർന്നിരിക്കുന്നു.

പാഠപുസ്തകങ്ങൾ മറിച്ചുനോക്കാൻപോലും ശ്രമിക്കാതെയുള്ള വിമർശനങ്ങൾ നിലനിൽക്കുകയില്ല.

ഗണിതപുസ്തകത്തിലെ ഒരു 'കളി' ഇതാ:


# വീട്ടിലേക്കുള്ള വഴി

വീട്ടിലേക്കുള്ള വഴികൾ കാണിച്ചുകൊടുക്കുന്നതിന് കുട്ടികൾ ഏതെല്ലാം ക്രിയകൾ ചെയ്യണം? ഈ പ്രവർത്തനം വിവിധ സന്ദർഭങ്ങളിൽ എങ്ങനെ പ്രയോഗിക്കാം? ഇങ്ങനെ എല്ലാ ക്രിയകളും ചെയ്യേണ്ടിവരുന്ന മറ്റു പ്രവർത്തനങ്ങൾ എന്തൊക്കെ കണ്ടെത്താം?

ഈ പ്രവർത്തനത്തെ പുതിയ ക്രിയാകാർഡുകൾ ഉപയോഗിച്ച് എങ്ങനെ നടത്താം?

ഇതിനുപുറമെ ഏതൊക്കെ ശേഷികളെ ഊന്നി പ്രവർത്തനങ്ങൾ ഒരുക്കാം?

- *രണ്ട് / മൂന്ന് നാലക്കസംഖ്യകളുടെ തുക*
- *നാലക്കസംഖ്യയിൽ നിന്ന് നാലക്കസംഖ്യ കുറയ്ക്കൽ*
- *ഭിന്നസംഖ്യകളുമായി ബന്ധപ്പെട്ട പാറ്റേണുകൾ*
- *10000 വരെയുള്ള സംഖ്യകളുടെ സ്ഥാനവില*
- *പണമിടപാടുമായി ബന്ധപ്പെട്ട നിത്യജീവിതത്തിലെ പ്രശ്നങ്ങൾ - കണ്ടെത്തൽ, അപഗ്രഥിക്കൽ, നിർധാരണം ചെയ്യൽ*



ഇനി പറയൂ, ഇതു വെറും കളിയോണോ. ഗണിതപഠനം തന്നെയല്ലേ നടക്കുന്നത്? പഠനം ആസ്വാദ്യകരമാക്കുന്നതിനുള്ള ശ്രമങ്ങൾ പാടില്ല എന്നു പറയുന്നവർ ശിശുമനഃശാസ്ത്രത്തെ അവഗണിക്കുന്നവരാണ്. പഠനത്തെക്കുറിച്ചുള്ള മാമൂൽ ധാരണകളാണ് അവരെ നയിക്കുന്നത്.

21. MLL പാഠ്യപദ്ധതി മാറ്റി പുതിയ പാഠ്യപദ്ധതി കൊണ്ടുവരുവാൻ കാരണം?

ഇന്ത്യക്ക് പൊതുവായി തയ്യാറാക്കിയ എം.എൽ.എൽ (Minimum Level of Learning) നമ്മുടെ സാമൂഹിക സാംസ്ക്കാരിക സവിശേഷതകൾ പരിഗണിക്കാതെയാണ് നടപ്പിലാക്കാൻ ശ്രമിച്ചത്.

എം.എൽ.എൽ പാഠ്യപദ്ധതി യാന്ത്രികമായ ധാരാളം അഭ്യാസങ്ങളിൽ ഊന്നുന്നതാണെന്നും കുട്ടിയുടെ മുൻകൈയുള്ള പഠനപ്രവർത്തനങ്ങൾ നടത്തുന്നതിന് അനുയോജ്യമല്ലെന്നുമാണ് അനുഭവം. (ഗണിത പാഠപുസ്തകം 300–400 പേജ് വരുന്നതായിരുന്നു!).

പഠനം എന്നത് വൈവിധ്യമാർന്ന അനുഭവങ്ങൾ പല ഘട്ടങ്ങളിലായി കുട്ടിക്കു ലഭിക്കുമ്പോൾ സംഭവിക്കുന്ന ഒന്നാണെന്ന ശാസ്ത്രീയവും ആധുനികവുമായ ധാരണയ്ക്കുപകരം എം.എൽ.എൽ. പഠനത്തെ രേഖീയപ്രക്രിയ എന്ന നിലയ്ക്കാണ് കണ്ടത്.

ഓരോ കുട്ടിക്കും വ്യത്യസ്തമായ പഠനവേഗതയും പഠനരീതിയുമാണുള്ളതെന്നു പരിഗണിക്കാതെ ഓരോ പ്രാപ്തിയും 'മാസ്റ്ററി' ലെവലിൽ എല്ലാ കുട്ടികളും നേടിയശേഷം അടുത്തപ്രാപ്തി എന്ന വളരെ യാന്ത്രികമായ സമീപനമാണ് എം.എൽ.എൽ പാഠ്യപദ്ധതി മുമ്പോട്ടുവച്ചത്.

എം.എൽ.എൽ പദ്ധതിയെക്കുറിച്ച് എൻ.സി.ഇ.ആർ.ടി നടത്തിയ പഠനങ്ങൾ ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അതത്

സംസ്ഥാനത്തിന്റെ സവിശേഷസാഹചര്യങ്ങൾക്കനുസരിച്ചും വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ആധുനിക മനഃശാസ്ത്രധാരണകൾ ഉൾക്കൊണ്ടും എം.എൽ.എൽ പുനർനിർവചിക്കണമെന്ന് എൻ.സി.ഇ.ആർ.ടി നിർദ്ദേശിക്കുകയുണ്ടായി. നമ്മുടെതന്നെ അനുഭവങ്ങളുടെയും മുകളിൽ സൂചിപ്പിച്ച പഠനറിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ കേരളത്തിനനുയോജ്യമായ തരത്തിൽ എം.എൽ.എല്ലിനെ പുനർ നിർവചിച്ചാണ് പുതിയ പാഠ്യപദ്ധതി തയ്യാറാക്കിയത്.

22. യശ്പാൽ കമ്മിറ്റി റിപ്പോർട്ട് കേരളത്തിന് ബാധകമേയല്ലെന്നും മെട്രോപോളിറ്റൻ സിറ്റികളിലെ കുട്ടികളുടെ കാര്യമാണ് യശ്പാൽ സൂചിപ്പിക്കുന്നതെന്നും പറയുന്നു. ഈ വിമർശനം എത്രമാത്രം ശരിയാണ്?

യശ്പാൽ കമ്മിറ്റി അതിന്റെ റിപ്പോർട്ടിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാൻ തിരുവനന്തപുരത്തും വന്നിരുന്നു. ഇവിടെയുള്ള വിവിധ സംഘടനകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽനിന്ന് വിവരങ്ങൾ ശേഖരിച്ചു. ഇക്കാര്യം റിപ്പോർട്ടിൽ (പേജ് 2) യശ്പാൽ എടുത്തുപറയുന്നുണ്ട്. കുട്ടികളുടെ പഠനഭാരത്തെക്കുറിച്ചുപഠിക്കുവാൻ അഖിലേന്ത്യാതലത്തിൽ നിയോഗിക്കപ്പെട്ട ഒരു കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഒരു സംസ്ഥാനത്തിന്റേയും പേരെടുത്തുപറയുന്നില്ല എന്ന കാരണം പറഞ്ഞ് അതത് സംസ്ഥാനങ്ങൾക്ക് ബാധകമല്ല എന്നുപറയുന്നത് ബാലിശമായ വാദമാണ്. തന്നെയുമല്ല, പഠനഭാരത്തിന്റെ പ്രശ്നങ്ങൾ എന്ന അധ്യായം അവസാനിക്കുന്നതിങ്ങനെയാണ്.

*"ഈ റിപ്പോർട്ടിൽക്കൂടി ഞങ്ങൾ വ്യക്തമാക്കുന്ന പ്രശ്നങ്ങൾ ചിലരെങ്കിലും വിചാരിക്കുന്നതുപോലെ നഗരപ്രദേശങ്ങളിലെ മാത്രം പ്രശ്നമല്ല. ഇന്ത്യൻ ഗ്രാമങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കാര്യത്തിലും ഇതു പ്രസക്തമാണ്".*

*"ശരിയായ വിദ്യാഭ്യാസം കുട്ടികളുടെ ഏറ്റവും നല്ല കഴിവുകൾ പുറത്തുകൊണ്ടുവരലാണ്. ക്രമവിരുദ്ധവും അനാവശ്യവുമായ വിവരങ്ങൾ വിദ്യാർത്ഥികളുടെ തലയിൽ കുമ്പാരം കൂട്ടിയതുകൊണ്ട് ഇതു സാധ്യമാവില്ല. അവരുടെ എല്ലാ വ്യക്തിത്വത്തെയും ഞെക്കിഞെരുക്കി അവരെ യന്ത്രങ്ങളാക്കുന്ന ഒരു മഹാഭാരമാണത്".*

(മഹാത്മാഗാന്ധി, ഹരിജൻ 1.12.1933)

23. ദേശീയബോധം, മൂല്യബോധം എന്നിവ വളർത്തുന്നതിനുള്ള പാഠങ്ങൾ പുതിയ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

പാഠ്യപദ്ധതിയെന്നത് സ്കൂളിനകത്തും പുറത്തുമായി കുട്ടിക്കുലഭിക്കുന്ന മൊത്തം പഠനാനുഭവങ്ങളാണല്ലോ.. എങ്കിൽ എല്ലാ കാര്യങ്ങളിലും പാഠപുസ്തകത്തിൽത്തന്നെ ഉൾക്കൊള്ളിക്കേണ്ടതുണ്ടോ? ആഗസ്റ്റ് 15, ഒക്ടോബർ 2, നവംബർ 14, ജനുവരി 26, ജനുവരി 30 എന്നീ ദിനാചരണങ്ങളെ നമ്മുടെ പൈതൃകത്തേയും നേട്ടങ്ങളേയും കുറിച്ച് അഭിമാനിക്കാനും കഷ്ടപ്പെടുന്നവരേയും മറ്റു ജനവിഭാഗങ്ങളേയും സ്നേഹിക്കാനുമുള്ള ജൈവത്തായ അവസരങ്ങളാക്കി മാറ്റുകയല്ലേ വേണ്ടത്. ദേശീയബോധം എന്നത് ഇത്തരം അനുഭവങ്ങളിലൂടെ കുട്ടിയിൽ രൂപം കൊള്ളേണ്ട ഒന്നാണ്. നമ്മുടെ സംസ്ക്കാരം, ചരിത്രം, ഗാന്ധിജിയെക്കുറിച്ചുള്ള പാഠങ്ങൾ, ദേശഭക്തിഗീതങ്ങൾ എന്നിവ പഠനപ്രക്രിയയുടെ ഭാഗമായി പരിചയപ്പെടുന്നതിനുള്ള അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്.

മൂല്യബോധം എന്നത് പഠിപ്പിക്കേണ്ടതോ പ്രബോധനംവഴി ഉണ്ടാക്കേണ്ടതോ അല്ല. പകരം ക്ലാസ് മുറികളിൽ, സ്കൂളുകളിൽ, വീട്ടിൽ, സമൂഹത്തിൽ പ്രയോഗിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ട ഒരു രീതിയാണെന്ന ബോധം

വളർത്തിയെടുക്കുകയാണ് വേണ്ടത്. ആധുനിക സമൂഹത്തിൽ കുട്ടിക്ക് വേണ്ടത് ഫ്യൂഡൽ കാലഘട്ടത്തിലെ മൂല്യബോധമാണോ? ജനാധിപത്യരാഷ്ട്രത്തിൽ കുട്ടിക്കുവേണ്ട മൂല്യങ്ങളായ ജനാധിപത്യത്തിന്റേയും പരസ്പര സഹകരണത്തിന്റേയും സംഘബോധത്തിന്റേയും സഹിഷ്ണുതയുടേയും മാനവികതയുടേയും സമത്വത്തിന്റേയും പങ്കാളിത്തത്തിന്റേയും സാമൂഹ്യനീതിയുടേയും മൂല്യങ്ങൾ പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി കുട്ടി സ്വാംശീകരിക്കുന്നുണ്ട്. സ്ത്രീ–പുരുഷ സമത്വത്തിന്റേയും മതനിരപേക്ഷതയുടേയും മൂല്യബോധം വർധിച്ച അളവിൽ പുതിയപാഠ്യപദ്ധതി കുട്ടികളിലെത്തിക്കുന്നുണ്ട്.

ഓരോ പാഠങ്ങളും തയ്യാറാക്കിയത് lesson frame ഉണ്ടാക്കിയതിനുശേഷമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്തൊക്കെ ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വിരുതുകളുമാണ് കുട്ടിയിലുണ്ടാവേണ്ടതെന്ന് കൃത്യമായി നിർണ്ണയിച്ചിതിനുശേഷം പാഠം തയ്യാറാക്കുന്നരീതി അവലംബിച്ചു. പാഠങ്ങളുമായി ബന്ധപ്പെട്ട് കുട്ടിയിലെത്തുന്ന മൂല്യങ്ങൾ എന്താണെന്ന് അധ്യാപകസഹായിയും പാഠങ്ങളും വായിക്കുന്നവർക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഏതാനും ഉദാഹരണങ്ങൾ നോക്കുക. മനുഷ്യസ്നേഹം, സഹാനുഭൂതി (പാവങ്ങളിലൊരാൾ, ക്ലാസ് 4), അതിമോഹം ദുഃഖം വരുത്തും, ഓരോരുത്തരിലുമുള്ള തനിമയെ വളർത്തുകയാണ് വേണ്ടത്; വെച്ചുകെട്ടലുകൾകൊണ്ട് കാര്യമില്ല. (മണിക്കിടാവിന്റെ സങ്കടം, ക്ലാസ് 2), കബളിപ്പിക്കാൻ ശ്രമിച്ചാൽ പിടിക്കപ്പെടും (വേഷം മാറിയാൽ), ശക്തനെ യുക്തിയും ബുദ്ധിയുംകൊണ്ട് നേരിടാം (മത്തങ്ങാ മുത്തശ്ശി, കുളത്തിലെ രാജാവ്, ക്ലാസ് 1), ആപത്തിൽപ്പെട്ടവരെ രക്ഷിക്കാനുള്ള മനോഭാവം (എന്നെകിട്ടൂല, ക്ലാസ് 1), കഷ്ടപ്പെടുന്നവരോടൊപ്പം ചേരാനും ദുരാഗ്രഹിക്കെതിരെ നിലപാടെടുക്കാനുമുള്ള മനോഭാവം (മാന്ത്രിക പ്പെൻസിൽ, ക്ലാസ് 4).

പാഠങ്ങളിൽ മൂല്യങ്ങളില്ല എന്ന വിമർശനം ഉയർത്തുന്നത് യഥാർത്ഥത്തിൽ പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താനും മൂല്യാധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുമുള്ള ബോധപൂർവമായ ശ്രമത്തെ തകർക്കാനുള്ള ശ്രമമല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മൂല്യരഹിതമായ സമൂഹം സൃഷ്ടിക്കാനുള്ള സാമ്രാജ്യത്വ താത്പര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഗൂഢനീക്കവും വിമർശനത്തിന്റെ പിന്നിലുണ്ടോ എന്നുപരിശോധിക്കപ്പെടണം.

24. പരീക്ഷയുടെ പ്രാധാന്യം കുറയ്ക്കുമെന്ന് ഒരു കൂട്ടർ, മൂല്യനിർണ്ണയരീതി ശാസ്ത്രീയമാക്കുകയാണെന്നു മറ്റൊരു വിഭാഗം. മൂല്യനിർണ്ണയത്തിൽ എന്തു മാറ്റമാണ് വരുത്തിയത്?

നമ്മൾ ദീർഘകാലമായി തുടർന്നുപോന്ന മൂല്യനിർണയരീതി കുട്ടിയുടെ ഓർമ്മശക്തിയെ മാത്രം പരിശോധിക്കുന്നതും പാഠപുസ്തക പഠനത്തെമാത്രം പ്രോത്സാഹിപ്പിക്കുന്നതുമാണ്. "ആദ്യം മാറ്റേണ്ടത്, ഒരു മാറ്റംവരുത്താൻ തീരുമാനിച്ചാൽ ആദ്യം തൊടേണ്ടത് പരീക്ഷയെയാണ്" എന്ന് രാധാകൃഷ്ണൻ കമ്മീഷനും "എഴുത്തുപരീക്ഷകൊണ്ട് വിലയിരുത്താനാവാത്ത കാര്യങ്ങൾ മറ്റുരീതികളിലൂടെ വിലയിരുത്തണ"മെന്ന് കോത്താരി കമ്മീഷനും പറഞ്ഞിട്ടുള്ളതാണ്. അനാശാസ്യമായ മത്സരബുദ്ധി വർദ്ധിപ്പിക്കുന്നതും മത്സരാധിഷ്ഠിത സമൂഹത്തിന്റെ ജീർണത പ്രതിഫലിപ്പിക്കുന്നതുമായ പരീക്ഷാ സമ്പ്രദായം മാറ്റണമെന്ന് വിദ്യാഭ്യാസവിദഗ്ദ്ധർ ഒന്നടങ്കം ആവശ്യപ്പെട്ടുവരികയായിരുന്നു.

പുതിയ രീതിപ്രകാരം ഓരോ വിഷയത്തിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ എത്രമാത്രം നേടിയെന്ന് കൃത്യമായി തിട്ടപ്പെടുത്തുകയും അതിന്റെയടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ തുടർപഠനാനുഭവങ്ങൾ നൽകി നിശ്ചിത നിലവാരത്തിലേയ്ക്ക് എത്തിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചിരുന്നത്. അതായത് കരിക്കുലം ലക്ഷ്യങ്ങൾ എത്രത്തോളം

കുട്ടി നേടിയെന്ന് കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ നടത്താൻ അധ്യാപകരെ അത് സഹായിക്കും. മാർക്കിനെ അടിസ്ഥാനമാക്കി ഗ്രേഡ് നിശ്ചയിക്കലല്ല ഇവിടെ. പകരം കുട്ടിയുടെ പ്രകടനത്തിന്റെ ഗുണപരതയുടെ അടിസ്ഥാനത്തിലുള്ള ഗ്രേഡ് സമ്പ്രദായമാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. രക്ഷിതാവിനെ സംബന്ധിച്ചിടത്തോളം കുട്ടിയുടെ പഠനത്തിനുള്ള ശക്തി ദൗർബല്യങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നതിനും തുടർന്നങ്ങോട്ടുള്ള പഠനത്തിൽ ഏതു രീതിയിലുള്ള സഹായമാണ് എന്തുതരം അന്തരീക്ഷമാണ് വീട്ടിൽ ഒരുക്കേണ്ടത് എന്ന് തീരുമാനിക്കുന്നതിനും പുതിയരീതി സഹായകമാകുന്നു.

25. പുതിയ കരിക്കുലം, പാഠപുസ്തകങ്ങൾ തുടങ്ങിയവയെപ്പറ്റി എൻ.സി.ഇ.ആർ.ടിയുടെ അഭിപ്രയങ്ങൾ, നിരീക്ഷണങ്ങൾ ഇവ എന്തൊക്കെയാണ്?

എൻ.സി.ഇ.ആർ.ടി. നടത്തിയ പഠനത്തിലെ ചില നിരീക്ഷണങ്ങൾ ഇവയാണ്.

പാഠ്യപദ്ധതി വികസിപ്പിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മൊത്തം സമീപനം ശിശുകേന്ദ്രീകൃതവും കൺസ്ട്രക്റ്റീവ് സൈദ്ധാന്തികധാരണകൾ അനുസരിച്ചുള്ളതുമാണ്. താഴെപ്പറയുന്ന കാര്യങ്ങളിൽ ഊന്നിക്കൊണ്ടാണ് ഇത് സാധിച്ചിട്ടുള്ളത്.

- പരിസരത്തിലിറങ്ങി അതിനുമേൽ പ്രവർത്തിച്ചുകൊണ്ട് ധാരാളം അനുഭവങ്ങൾ നേടാനും അതുവഴികുട്ടിക്ക് തന്റേതായ രീതിയിൽ ധാരണകൾ നിർമ്മിക്കുന്നതിനുമുള്ള പഠനാന്തരീക്ഷം ഒരുക്കുവാനും പുതിയ പാഠ്യപദ്ധതി സഹായിക്കുന്നു.
- ഒന്നുരണ്ടു ക്ലാസ്സുകളിൽ ഉദ്ഗ്രഥനസമീപനം സ്വീകരിച്ചിരിക്കുന്നതുവഴി പഠനത്തെ കൂടുതൽ പരസ്പരബന്ധിയും സമഗ്രവുമാക്കുന്നു.
- പാഠപുസ്തകങ്ങളിലുൾക്കൊള്ളിച്ചിട്ടുള്ള ആശയങ്ങൾ കുട്ടികളുടെ മാനസിക നിലവാരത്തിനും പ്രായത്തിനും അനുയോജ്യ

മാണ്. കുട്ടിയുടെ ചിന്തയേയും ഭാവനയേയും ഉത്തേജിപ്പിക്കുന്നതിന് ധാരാളം സാധ്യതകൾ തുറന്നിടുന്ന കഥകൾ (open-ended stories) പാഠപുസ്തകങ്ങളുടെ എടുത്തുപറയാവുന്ന ഒരു സവിശേഷതയാണ്. മൊത്തത്തിൽ പാഠപുസ്തകങ്ങളുടെ ഭാഷ, ഉള്ളടക്കം, ചിത്രീകരണം എന്നിവ തികച്ചും ശിശുസൗഹൃദകരമാക്കാൻ കഴിഞ്ഞു എന്നത് എടുത്തുപറയേണ്ടതുണ്ട്.

- നാടൻപാട്ടുകളും കഥകളും ഉൾപ്പെടുത്തിയിരിക്കുന്നത് സാംസ്ക്കാരിക സാംഗത്യമുള്ള വളരെ നല്ല ഒരു കാര്യമാണ്.
- ഗണിതത്തിന്റെ ഉള്ളടക്കത്തെ പ്രത്യേകിച്ചും സമീപിച്ചിരിക്കുന്നത് നൂതനവും (innovative) ശിശുസൗഹൃദപരവും ആസ്വദിച്ച് പഠിച്ച് ഗണിതധാരണകൾ നേടുന്നതിനും അനുയോജ്യമായ രീതിയിലാണ്.
- പാഠപുസ്തകങ്ങളുടെ അവതരണശൈലിതന്നെ ഗ്രൂപ്പ് ചർച്ച, സഹപഠനം, സജീവമായ പങ്കാളിത്തം, സ്വയംപഠനം എന്നിവ വളർത്തുന്ന തരത്തിലുള്ളതാണ്.
- അധ്യാപകസഹായികൾ, പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധാരാളം ആശയങ്ങളും വിഭവങ്ങളും അധ്യാപകർക്ക് നൽകുന്നുണ്ട്. പക്ഷേ, അവരുടെ തുറന്നതും നിർദ്ദേശാത്മകവുമായ (not prescriptive but suggestive) സ്വഭാവം അധ്യാപകരുടെ വിവേചനബുദ്ധിയേയും സൃഷ്ടിപരതയേയും ആശ്രയിക്കുന്നു. ദശകങ്ങളായി പാഠപുസ്തകങ്ങളോടും അതിലെ അഭ്യാസപ്രവർത്തനങ്ങളോടും അമിതമായ വിധേയത്വം പുലർത്തുന്ന അധ്യാപകർക്ക് അതുകൊണ്ടുതന്നെ 'പ്രേഷണനഷ്ടം' കൂടാതെയുള്ള പരിശീലനം ആവശ്യമാണ്. അവരിൽ ഉയർന്നതോതിലുള്ള അഭിപ്രേരണ വളർത്തുന്നതിനും ആവേശം അണയാതെ സൂക്ഷിക്കുന്നതിനുമുള്ള പിന്തുണ നൽകേണ്ടതുണ്ട്.

26. പുതിയ പാഠ്യപദ്ധതി ഏർപ്പെടുത്തിയതുമൂലം സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം കുറയുകയും അൺ എയിഡഡ് സ്കൂളുകളിലേയ്ക്ക് കുട്ടികൾ ഒഴുകുകയും ചെയ്യുന്നുവെന്ന് പറയുന്നത് ശരിയോണോ?

തികച്ചും വാസ്തവവിരുദ്ധമായ ഒരു പ്രസ്താവനയാണിത്. കഴിഞ്ഞ കുറേ വർഷങ്ങളായി സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം കുറയുകയാണ്. ജനസംഖ്യയിലുണ്ടായ കുറവും യാതൊരു നിയന്ത്രണവുമില്ലാതെ അൺ എയിഡഡ് സ്കൂളുകൾ പുതുതായി ഉണ്ടാകുന്ന അവസ്ഥയുമാണ് ഇതിന് കാരണങ്ങൾ. എന്നാൽ 97–98 അധ്യയനവർഷത്തിൽ പുതിയ പാഠ്യപദ്ധതി ആദ്യമായി നടപ്പിലാക്കിയ ആറു ജില്ലകളിൽ ഈ വർഷം കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല എന്ന് കണക്കുകൾ ബോധ്യപ്പെടുത്തുന്നു. (പട്ടിക–1 നോക്കുക)

പട്ടിക - 1

## Number of Children Enrolled in STD - I

| Year | Government | Aided | Unaided | Total |
|---|---|---|---|---|
| 87-88 | 266257 | 345994 | 17802 | 630053 |
| 88-89 | 248148 | 342720 | 17776 | 608642 |
| 89-90 | 240043 | 335528 | 18977 | 594548 |
| 90-91 | 241675 | 339294 | 20061 | 601030 |
| 91-92 | 227117 | 327846 | 20946 | 575909 |
| 92-93 | 222495 | 320470 | 21772 | 564737 |
| 93-94 | 208257 | 309142 | 23194 | 540593 |
| 94-95 | 202902 | 302742 | 23140 | 528784 |
| 95-96 | 195579 | 299153 | 24316 | 519048 |
| 96-97 | 188152 | 293700 | 25220 | 507072 |
| 97-98 | 173878 | 275607 | 25816 | 475301 |
| 98-99 | (Provisional) | | | 461999 |

*Source:* Directorate of Public Instructions.

പുതിയപാഠ്യപദ്ധതി നടപ്പിലാക്കിയശേഷം സർക്കാർ സ്കൂളുകളിൽനിന്നും ടി.സി വാങ്ങിപ്പോയ കുട്ടികളുടെ എണ്ണത്തിൽ പ്രകടമായ വർധനവ് ഇല്ലെന്ന് കണക്കുകൾ കാണിക്കുന്നു.

27. സമ്പന്നരുടെ മക്കൾ പഠിക്കുന്ന അൺ എയിഡഡ് സ്കൂളുകളിൽ ഈ പാഠ്യപദ്ധതി നടപ്പാക്കാതെ പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന സർക്കാർ സ്കൂളുകളിൽ മാത്രം ഇത് നടപ്പിലാക്കിയത് രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കാൻ വേണ്ടിയല്ലേ?

കേരളത്തിൽ ഭൂരിഭാഗം അൺഎയിഡഡ് സ്കൂളുകളിലും ഇത്രകാലവും സർക്കാർ പാഠ്യപദ്ധതി പഠിപ്പിച്ചിരുന്നില്ല എന്നതാണ് വാസ്തവം. ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിൽ വിദ്യാർത്ഥികളെ വീട്ടിലിരുത്തി പഠിപ്പിച്ച് പരീക്ഷയ്ക്കിരുത്താമെന്ന കെ.ഇ.ആർ. വ്യവസ്ഥ ദുർവ്യാഖ്യാനം ചെയ്ത് സ്വന്തം സിലബസും പാഠപുസ്തകങ്ങളുമാണ് അൺ എയിഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസുകളിൽ പഠിപ്പിച്ചിരുന്നത്. നാട്ടിൽ അൺ എയിഡഡ് പ്രൈമറി സ്കൂളുകൾ കൂണുപോലെ മുളച്ചുപൊന്തുന്നതും ഈ പഴുതുപയോഗിച്ചാണ്. പലതരം വിദ്യാഭ്യാസ വ്യവസ്ഥകൾ സമാന്തരമായി നിലനിൽക്കുന്നതിനെക്കുറിച്ച് യശ്പാൽ കമ്മിറ്റി പറയുന്നതു നോക്കുക.

*"4. വ്യത്യസ്ത സംസ്ഥാനങ്ങളിൽ ഒരേസമയം സ്കൂൾ വിദ്യാഭ്യാസത്തിന്റെ മൂന്നു സമാന്തര വ്യവസ്ഥകളെങ്കിലും (സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ) നടന്നു വരികയാണ്. ഓരോ സംസ്ഥാനത്തും ഭൂരിപക്ഷം സ്കൂളുകളും സ്റ്റേറ്റ് വിദ്യാഭ്യാസ ബോർഡിൽ അഫിലിയേറ്റ് ചെയ്തിരിക്കയാണ്. കുറെയെണ്ണം സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എജ്യൂക്കേഷനി(സി.ബി.എസ്.ഇ)ലോ, കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എജ്യൂക്കേഷനി(സി.ഐ.എസ്.സി.ഇ)ലോ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. ഡൽഹി അല്ലാതുള്ള സംസ്ഥാനങ്ങളിൽ സി.ബി.എസ്.ഇ യോട് അഫിലിയേറ്റ് ചെയ്ത സ്കൂളുകൾക്ക് വരേണ്യസ്കൂളുകൾ ആണെന്ന പ്രശസ്തിയുണ്ട്. സംസ്ഥാനബോർഡുകൾക്ക് സി.ബി.എസ്.ഇ. കരിക്കുലം ഒരു മാതൃകയായിത്തീരുന്നു. ഇതു ഭൂരിപക്ഷം കുട്ടികളുടെമേൽ ഭാരമേ*

8045



*റിയ കരിക്കുലം കെട്ടിവെയ്ക്കുന്നു. അതിനാൽ സി.ബി.എസ്.ഇ യുടെ അധികാരമേഖല കേന്ദ്രീയ–നവോദയ വിദ്യാലയങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തണമെന്നും മറ്റെല്ലാ വിദ്യാലയങ്ങളും അതതു സംസ്ഥാനബോർഡു കളിൽ അഫിലിയേറ്റ് ചെയ്യണ മെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു".* (പേജ് 157, സമൂഹവും വിദ്യാഭ്യാസവും, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്)

ഈ ശുപാർശ നടപ്പാക്കാനാവശ്യമായ സമ്മർദ്ദം ചെലുത്തുകയല്ലേ നാം ചെയ്യേണ്ടത്. മാതൃഭാഷയിലൂടെ ബോധനത്തിലൂന്നിയ പുതിയ പാഠ്യപദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കേണ്ടതാണ്. അതിനുപക്ഷേ, എല്ലാ സ്കൂളുകളിലേയും ബോധനമാധ്യമം മാതൃഭാഷയാക്കുകയും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുകയും വേണം.

PC Library & Research Center

പുതിയ പാഠ്യപദ്ധതി–വിവാദങ്ങൾ ആർക്കുവേണ്ടി?

*പ്രസാധനം, വിതരണം*

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

തിരുവനന്തപുരം

വില : 7 രൂപ

KSSP 0901 1E $D^{1}/_{8}$ FEB '99 0700 LL3/99

# പുതിയ പാഠ്യപദ്ധതി

## വിവാദങ്ങൾ ആർക്കുവേണ്ടി

?

375

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

Indic Digital Archive Foundation
gpura.org